III ഇ.ബി. XII-കേരള നിയമസഭ/VI-3

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2007 സെപ്റ്റംബർ 6, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**I. ചോദ്യങ്ങൾ**

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം (*61&*62) സഭയിൽ ഉന്നയിക്കപ്പെടുകയും *61-ാം നമ്പർ ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയും *62-ാം നമ്പർ ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിയും മറുപടി നൽകുകയും ചെയ്തു.

**II. പ്രസ്താവന**

3-9-2007-ന് മന്ത്രിസഭയിൽനിന്ന് രാജിവയ്ക്കാനിടയായ സാഹചര്യം സംബന്ധിച്ച് ശ്രീ. റ്റി. യു. കുരുവിള ചട്ടം 64 അനുസരിച്ച് പ്രസ്താവന നടത്തി.

**III. അടിയന്തിര പ്രമേയം**

മെർക്കിസ്റ്റൺ എസ്റ്റേറ്റും പുറംപോക്ക് ഭൂമിയും പൊൻമുടിയിൽ നിർമ്മിക്കുന്ന ഹെലിപാഡും സന്ദർശിക്കാൻ എത്തിയ കെ. പി. സി. സി. പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള സംഘത്തെ തൊഴിലാളികൾ എന്ന പേരിൽ

ഒരു സംഘം ആളുകൾ ഉപരോധിക്കുകയും അവരെ അപായപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. സി. വേണുഗോപാലും മറ്റ് നാല് അംഗങ്ങളും നൽകിയ അടിയന്തിരപ്രമേയ നോട്ടീസിന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചു. ശ്രീ. ജി. കാർത്തികേയൻ വ്യക്തിപരമായ വിശദീകരണം നടത്തുകയും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി പറയുകയും ചെയ്തു. മന്ത്രിയുടെ മറുപടി യെത്തുടർന്ന് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി പ്രസ്താവന നടത്തിക്കൊണ്ടിരിക്കവെ, സഭയിലുണ്ടായ ബഹളത്തെത്തുടർന്ന് ഭരണ-പ്രതിപക്ഷാംഗങ്ങൾ സീറ്റുകളിലേയ്ക്ക് മടങ്ങി പോകണമെന്നും സഭാനടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ ആവർത്തിച്ച് ആവശ്യപ്പെട്ടു. എന്നിട്ടും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്പീക്കറുടെ ഡയസിനു മുൻപിൽ വന്ന് മുദ്രാവാക്യം വിളിച്ച് ബഹളം. തുടർന്നതിനാൽ സ്പീക്കർ അജണ്ടയിലെ നിയമനിർമ്മാണ നടപടിയിലേയ്ക്ക് കടന്നു.

## IV. നിയമനിർമ്മാണ കാര്യം

### ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

**(1). 2007-ലെ കേരള ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ബിൽ.**

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി 2007-ലെ കേരള ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ബിൽ അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വയ്ക്കുകയും ചെയ്തു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി 2007-ലെ കേരള ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

2007-ലെ കേരള ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-10-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ.വി. കുഞ്ഞിരാമനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ. എൻ. അനിരുദ്ധനും അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ബിൽ VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (2).2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മിഷൻ ബിൽ

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കുംവേണ്ടിയുള്ള കേരള സംസ്ഥാന കമ്മിഷൻ ബിൽ അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവയ്ക്കുകയും ചെയ്തു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി 2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മിഷൻ ബിൽ സാമൂഹ്യ സേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

2007-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മിഷൻ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ. ബാബു പോൾ അവതരിപ്പിച്ചു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ബിൽ VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## (3). 2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ

റവന്യൂ വകുപ്പുമന്ത്രി 2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവയ്ക്കുകയും ചെയ്തു.

റവന്യൂ വകുപ്പുമന്ത്രി 2007-ലെ കേരള സർവ്വേ-അതിരടയാള (ഭേദഗതി) ബിൽ ഭൂനികുതിയും വനവും മത്സ്യബന്ധനവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

2007-ലെ കേരള സർവ്വെ-അതിരടയാള (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ബിൽ II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

2007 സെപ്തംബർ മാസം 7-ാം തീയതി വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.30-ന് പിരിഞ്ഞു.